# മഴ

## നാം അറിഞ്ഞിരിക്കേണ്ട ചിലത്



# ഉള്ളടക്കം


ആമുഖം ....................................................................................................2
മഴയുടെ നിർവചനം ........................................................................... 3
മഴയുടെ അർത്ഥങ്ങൾ.......................................................................... 3
മഴയുടെ വിശേഷണങ്ങൾ..................................................................... 3
മഴ അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യവും അനുഗ്രഹവുമാണ്............................................................................. 4
ചിലപ്പോൾ മഴ അല്ലാഹുവിൽ നിന്നുള്ള ശിക്ഷയായികൊണ്ടും കോപമായിക്കൊണ്ടും ഉണ്ടാകുന്നതാണ്.............................................. 5
മഴ ലഭിക്കുവാനായുള്ള കാരണങ്ങൾ....................................................7
മഴയുടെ ഗുണങ്ങൾ..............................................................................8
നബി ﷺ മഴയാൽ സന്തോഷിച്ചിരുന്നു.............................................10
മഴ പെയ്യുന്ന സമയത്തെ കുറിച്ചുള്ള അറിവ് അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവുകളിൽ പെട്ടതാണ് .....................................10
കാലാവസ്ഥാ പ്രവചനം ....................................................................10
മഴ എന്ന അനുഗ്രഹത്തിന് നാം അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടത് അനിവാര്യമാണ്...........................................................11
അല്ലാഹുവിന് മാത്രമേ മഴ വർഷിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.............................................................................11
കൃത്രിമ മഴ..............................................................................................11
യഥാർത്ഥ ക്ഷാമം. ..................................................................................12
സ്വപ്നത്തിലെ മഴ ....................................................................................12
മഴയുമായി ബന്ധപ്പെട്ടുള്ള ചില മര്യാദകളും വിധിവിലക്കുകളും .......................................................................................12
മഴ കൊള്ളുവാനായി ദേഹത്തിന്റെ ഒരു ഭാഗം വെളിവാക്കൽ ..............12
മഴ പെയ്താൽ ഉള്ള പ്രാർത്ഥന..................................................................12
മഴ ശക്തമായി കഴിഞ്ഞാൽ അതിനെ തിരിച്ചു കളയാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കൽ...........................................................13
മഴ വർഷിക്കുമ്പോൾ മുഅദ്ദിൻ ബാങ്കിൽ പറയുന്നതുമായി ബന്ധപ്പെട്ട് ചിലത്.............................................................................13
മഴയത്ത് ജനങ്ങൾക്ക് അവരുടെ വീടുകളിൽ നിസ്കരിക്കൽ പ്രോത്സാഹിപ്പിക്കപ്പെട്ടിരിക്കുന്നു ............................................................ 16
മഴയത്ത് നിസ്കാരങ്ങൾക്കിടയിൽ ജമ്അ് ചെയ്യപ്പെടുന്നതാണ് ........................................................................................ 16
ഏത് തരം ജമ്അ് ആണ് ഉത്തമം? ...........................................................17

# ആമുഖം

بسم الله الرحمن الرحيم

إن الحمد لله نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا، وسيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدًا عبده ورسوله، صلى الله عليه وعلى آله وصحبه وسلم تسليمًا كثيرًا

ഈ പ്രപഞ്ചത്തിന്റെ റബ്ബായ അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും മഹത്തായ ഒന്നും, മനുഷ്യരുടെ ജീവിതത്തിൽ വലിയ പ്രാധാന്യമുള്ള ഒന്നുമാണ് മഴ. എന്നാൽ മഴയുമായി ബന്ധപ്പെട്ടുള്ള പല വിധിവിലക്കുകളും കൂടുതൽ മുസ്ലിമീങ്ങൾക്കും അപരിചിതമാണ്. നാം ഏവരും അറിഞ്ഞിരിക്കേണ്ട അത്തരത്തിലുള്ള ചില അറിവുകൾ ഒരുമിച്ച് കൂട്ടിക്കൊണ്ട് ബഹുമാന്യ പണ്ഡിതൻ **അബൂ അമ്മാർ യാസിർ അൽ-അദനി** حفظه الله രചിച്ച ഒരു ലഘുലേഖനത്തിന്റെ ചുരുങ്ങിയ വിവർത്തനമാകുന്നു ഇത്. അല്ലാഹു ഇത് വിവർത്തകനും വായനക്കാർക്കും ഇഹത്തിലും പരത്തിലും ഗുണമുണ്ടാക്കുന്ന ഒന്നാക്കുമാറാകട്ടെ.

അബൂ റയ്യാൻ അബ്ദുല്ലാഹ്
(അല്ലാഹു അവന് പൊറുത്തു കൊടുക്കുകയും അവന്റെ മാതാപിതാക്കളെ ഇസ്ലാമിലേക്ക് നയിക്കുകയും ചെയ്യട്ടെ)
ഹി: 10 ശവ്വാൽ 1445 വെള്ളിയാഴ്ച
ഷാർജ, എമിറേറ്റ്സ്

## മഴയുടെ നിർവചനം

മേഘങ്ങളിൽ നിന്ന് വർഷിക്കുന്ന വെള്ളമാണ് മഴ.

## മഴയുടെ അർത്ഥങ്ങൾ

ഖുർആനിൽ മഴ എന്ന വാക്ക് രണ്ട് അർത്ഥങ്ങളിൽ വന്നതായി കാണാം:

1. "കല്ലുകൾ" എന്ന അർത്ഥത്തിൽ, അല്ലാഹു ﷻ യുടെ ഈ വചനത്തിൽ ഉള്ളത് പോലെ:

   ﴿وَأَمْطَرْنَا عَلَيْهِم مَّطَرًا﴾

   "അവരുടെ മേൽ നാം ഒരു തരം മഴ വർഷിപ്പിക്കുകയും ചെയ്തു." [അൽ അഅ്റാഫ് - 84]

   അതായത്, (അവർക്ക് ശിക്ഷയായിക്കൊണ്ട് വർഷിപ്പിച്ച) കല്ലുകളുടെ മഴ.

2. പൊതുവെ നമുക്ക് അറിയാവുന്ന, നിർവചനത്തിൽ സൂചിപ്പിച്ചിട്ടുള്ള മഴ, അല്ലാഹു ﷻ യുടെ ഈ വചനത്തിൽ ഉള്ളത് പോലെ:

   ﴿وَلَا جُنَاحَ عَلَيْكُمْ إِن كَانَ بِكُمْ أَذًى مِّن مَّطَرٍ أَوْ كُنتُم مَّرْضَىٰٓ أَن تَضَعُوٓا۟ أَسْلِحَتَكُمْ ۖ﴾

   "എന്നാൽ മഴ കാരണം നിങ്ങൾക്ക് ശല്യമുണ്ടാകുകയോ, നിങ്ങൾ രോഗബാധിതരാകുകയോ ചെയ്താൽ നിങ്ങളുടെ ആയുധങ്ങൾ താഴെ വെക്കുന്നതിന് കുറ്റമില്ല" [അന്നിസാഅ് - 102]

## മഴയുടെ വിശേഷണങ്ങൾ

അല്ലാഹു ഖുർആനിൽ മഴയെ പല വിശേഷണങ്ങളാൽ വിശേഷിപ്പിക്കുകയുണ്ടായി, അതിൽ പെട്ടതാണ്:

1. സ്വന്തത്തിൽ ശുദ്ധമായതും, അശുദ്ധികളിൽ നിന്ന് ശുദ്ധിയാക്കുന്നതുമാണത്.

   അല്ലാഹു ﷻ പറഞ്ഞു:

﴿وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً طَهُورًا﴾

"സ്വന്തത്തിൽ ശുദ്ധമായതും, അശുദ്ധികളിൽ നിന്ന് ശുദ്ധിയാക്കുന്നതുമായുള്ള ജലം ആകാശത്തു നിന്ന് നാം ഇറക്കുകയും ചെയ്തിരിക്കുന്നു" [അൽ ഫുർഖാൻ - 48]

2. അനുഗ്രഹീതമായത്

അല്ലാഹു ﷻ പറഞ്ഞു:

﴿وَنَزَّلْنَا مِنَ ٱلسَّمَآءِ مَآءً مُّبَٰرَكًا فَأَنۢبَتْنَا بِهِۦ جَنَّٰتٍ وَحَبَّ ٱلْحَصِيدِ﴾

"ആകാശത്തുനിന്ന് നാം അനുഗൃഹീതമായ വെള്ളം വർഷിക്കുകയും, എന്നിട്ട് അതു മൂലം പല തരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു." [ഖാഫ് - 9]

3. സ്വച്ഛമായത്

അല്ലാഹു ﷻ പറഞ്ഞു:

﴿وَجَعَلْنَا فِيهَا رَوَٰسِىَ شَٰمِخَٰتٍ وَأَسْقَيْنَٰكُم مَّآءً فُرَاتًا﴾

"അതിൽ ഉന്നതങ്ങളായി ഉറച്ചുനിൽക്കുന്ന പർവ്വതങ്ങളെ നാം വെക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കു നാം സ്വച്ഛജലം കുടിക്കാൻ തരികയും ചെയ്തിരിക്കുന്നു." [അൽ മുർസലാത്ത് - 27]

4. ഒരുപാടായി കുത്തി ഒഴുകുന്നത്

അല്ലാഹു ﷻ പറഞ്ഞു:

﴿وَأَنزَلْنَا مِنَ ٱلْمُعْصِرَٰتِ مَآءً ثَجَّاجًا﴾

"കാർമേഘങ്ങളിൽ നിന്ന് കുത്തി ഒഴുകുന്ന വെള്ളം നാം ഇറക്കുകയും ചെയ്തു." [അന്നബഅ് - 14]

## മഴ അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യവും അനുഗ്രഹവുമാണ്

1. അല്ലാഹു ﷻ പറഞ്ഞു:

﴿وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ ۖ﴾

“ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്തു” [അൽ ബഖറ - 22]

2. അല്ലാഹു ﷻ പറഞ്ഞു:

﴿وَمِنْ ءَايَـٰتِهِۦٓ أَنَّكَ تَرَى ٱلْأَرْضَ خَـٰشِعَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ ۚ﴾

“നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു. എന്നിട്ട് അതിൽ നാം വെള്ളം വർഷിച്ചാൽ അതിന് ചലനമുണ്ടാവുകയും അത് വളരുകയും ചെയ്യുന്നു. ഇതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ.” [ഫുസ്സിലത്ത് - 39]

3. അല്ലാഹു ﷻ പറഞ്ഞു:

﴿وَهُوَ ٱلَّذِى يُنَزِّلُ ٱلْغَيْثَ مِنۢ بَعْدِ مَا قَنَطُوا۟ وَيَنشُرُ رَحْمَتَهُۥ ۚ وَهُوَ ٱلْوَلِىُّ ٱلْحَمِيدُ﴾

“അവൻ തന്നെയാകുന്നു മനുഷ്യർ നിരാശപ്പെട്ടു കഴിഞ്ഞ തിനു ശേഷം മഴ വർഷിപ്പിക്കുകയും, തന്റെ കാരുണ്യം വ്യാപിപ്പിക്കുകയും ചെയ്യുന്നവൻ. അവൻ തന്നെയാകുന്നു സ്തുത്യർഹനായ രക്ഷാധികാരി” [അശ്ശൂറാ- 28]

4. അല്ലാഹു ﷻ പറഞ്ഞു:

﴿وَأَلَّوِ ٱسْتَقَـٰمُوا۟ عَلَى ٱلطَّرِيقَةِ لَأَسْقَيْنَـٰهُم مَّآءً غَدَقًا﴾

“ആ മാർഗത്തിൽ (ഇസ്ലാമിൽ) അവർ നേരെ നിലകൊള്ളുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകുന്നതാണ്.” [അൽ ജിന്ന് - 16]

## ചിലപ്പോൾ മഴ അല്ലാഹുവിൽ നിന്നുള്ള ശിക്ഷയായികൊണ്ടും കോപമായിക്കൊണ്ടും ഉണ്ടാകുന്നതാണ്

1. അല്ലാഹു ﷻ പറഞ്ഞു:

﴿قَالَ سَـَٔاوِىٓ إِلَىٰ جَبَلٍ يَعْصِمُنِى مِنَ ٱلْمَآءِ ۚ قَالَ لَا عَاصِمَ ٱلْيَوْمَ مِنْ أَمْرِ ٱللَّهِ﴾

“അവൻ പറഞ്ഞു: വെള്ളത്തിൽ നിന്ന് എനിക്ക് രക്ഷനൽകുന്ന വല്ല മലയിലും ഞാൻ അഭയം പ്രാപിച്ചുകൊ-

ള്ളാം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ കൽപനയിൽ നിന്ന് ഇന്ന് രക്ഷനൽകാൻ ആരുമില്ല; അവൻ കരുണ ചെയ്തവർക്കൊഴികെ." [ഹൂദ്- 43]

2. അല്ലാഹു ﷻ പറഞ്ഞു:

﴿أَلَمْ تَرَ أَنَّ ٱللَّهَ يُزْجِى سَحَابًا ثُمَّ يُؤَلِّفُ بَيْنَهُۥ ثُمَّ يَجْعَلُهُۥ رُكَامًا فَتَرَى ٱلْوَدْقَ يَخْرُجُ مِنْ خِلَـٰلِهِۦ وَيُنَزِّلُ مِنَ ٱلسَّمَآءِ مِن جِبَالٍ فِيهَا مِنۢ بَرَدٍ فَيُصِيبُ بِهِۦ مَن يَشَآءُ وَيَصْرِفُهُۥ عَن مَّن يَشَآءُ ۖ﴾

"അല്ലാഹു കാർമേഘത്തെ തെളിച്ച് കൊണ്ടുവരികയും, എന്നിട്ട് അത് തമ്മിൽ സംയോജിപ്പിക്കുകയും, എന്നിട്ടതിനെ അവൻ അട്ടിയാക്കുകയും ചെയ്യുന്നുവെന്ന് നീ കണ്ടില്ലേ? അപ്പോൾ അതിന്നിടയിലൂടെ മഴ പുറത്തുവരുന്നതായി നിനക്ക് കാണാം. ആകാശത്തു നിന്ന് – അവിടെ മലകൾ പോലുള്ള മേഘകൂമ്പാരങ്ങളിൽ നിന്ന് - അവൻ ആലിപ്പഴം ഇറക്കുകയും എന്നിട്ട് താൻ ഉദ്ദേശിക്കുന്നവർക്ക് അത് അവൻ ബാധിപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് അത് തിരിച്ചുവിടുകയും ചെയ്യുന്നു." [അന്നൂർ - 43]

3. അല്ലാഹു ﷻ പറഞ്ഞു:

﴿فَكُلًّا أَخَذْنَا بِذَنۢبِهِۦ ۖ فَمِنْهُم مَّنْ أَرْسَلْنَا عَلَيْهِ حَاصِبًا وَمِنْهُم مَّنْ أَخَذَتْهُ ٱلصَّيْحَةُ وَمِنْهُم مَّنْ خَسَفْنَا بِهِ ٱلْأَرْضَ وَمِنْهُم مَّنْ أَغْرَقْنَا ۚ﴾

"അങ്ങനെ എല്ലാവരെയും അവരവരുടെ കുറ്റത്തിന് നാം പിടികൂടി. അവരിൽ ചിലരുടെ നേരെ നാം ചരൽ കാറ്റ് അയക്കുകയാണ് ചെയ്തത്. അവരിൽ ചിലരെ ഘോരശബ്ദം പിടികൂടി. അവരിൽ ചിലരെ നാം ഭൂമിയിൽ ആഴ്ത്തികളഞ്ഞു. അവരിൽ ചിലരെ നാം മുക്കിനശിപ്പിച്ചു." [അൽ അൻകബൂത് - 40]

4. അല്ലാഹു ﷻ പറഞ്ഞു:

﴿فَأَعْرَضُوا فَأَرْسَلْنَا عَلَيْهِمْ سَيْلَ ٱلْعَرِمِ﴾

“എന്നാൽ അവർ പിന്തിരിഞ്ഞ് കളഞ്ഞു. അപ്പോൾ അണക്കെട്ടിൽ നിന്നുള്ള ജലപ്രവാഹത്തെ അവരുടെ നേരെ നാം അയച്ചു.” [സബഅ് - 16]

## മഴ ലഭിക്കുവാനായുള്ള കാരണങ്ങൾ

1. അല്ലാഹുവിനോടുള്ള തഖ്‌വ

അല്ലാഹു ﷻ പറഞ്ഞു:

﴿وَلَوْ أَنَّ أَهْلَ ٱلْقُرَىٰٓ ءَامَنُوا وَٱتَّقَوْا لَفَتَحْنَا عَلَيْهِم بَرَكَـٰتٍ مِّنَ ٱلسَّمَآءِ وَٱلْأَرْضِ وَلَـٰكِن كَذَّبُوا فَأَخَذْنَـٰهُم بِمَا كَانُوا يَكْسِبُونَ﴾

“ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷെ അവർ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്തുവെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി.” [അൽ അഅ്റാഫ് - 84]

2. അല്ലാഹുവിനോട് പാപമോചനം തേടൽ

അല്ലാഹു ﷻ നൂഹിനെ കുറിച്ച് പറഞ്ഞു:

﴿فَقُلْتُ ٱسْتَغْفِرُوا رَبَّكُمْ إِنَّهُۥ كَانَ غَفَّارًا ۝١٠ يُرْسِلِ ٱلسَّمَآءَ عَلَيْكُم مِّدْرَارًا﴾

“അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും.” [നൂഹ് – 11,12]

3. നേർമാർഗ്ഗത്തിന്മേൽ നിലകൊള്ളൽ

അല്ലാഹു ﷻ പറഞ്ഞു:

﴿وَأَلَّوِ ٱسْتَقَـٰمُوا عَلَى ٱلطَّرِيقَةِ لَأَسْقَيْنَـٰهُم مَّآءً غَدَقًا﴾

“ആ മാർഗത്തിൽ (ഇസ്ലാമിൽ) അവർ നേരെ നിലകൊള്ളുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടി ക്കാൻ നൽകുന്നതാണ്.” [അൽ ജിന്ന് - 16]

4. അല്ലാഹുവിങ്കൽ നിന്ന് മഴ തേടിക്കൊണ്ടുള്ള നിസ്കാരം (സ്വലാത്തുൽ ഇസ്തിസ്ഖാഅ്)

അബ്ദുല്ലാഹ് ബ്നു സയ്ദ് അൽ അൻസ്വാരി ﵁ വിന്റെ ഹദീഥിൽ ഉള്ളത് പ്രകാരം:

നബി ﷺ മഴ തേടിക്കൊണ്ടുള്ള നിസ്കാരത്തിനായി മുസ്വല്ലയിലേക്ക് ഇറങ്ങുകയും, അദ്ദേഹം പ്രാർത്ഥിക്കാൻ ഉദ്ദേശിച്ച നേരം ഖിബ്‌ലയെ നേരിടുകയും തന്റെ തോളിലുണ്ടായ തുണി (വലതു തോളിലുണ്ടായ ഭാഗം ഇടത് തോളി ലേക്കും, ഇടത് തോളിലുണ്ടായ ഭാഗം വലത് തോളിലേക്കും) തിരിച്ചിടുകയും ചെയ്തു. [ബുഖാരി, മുസ്‌ലിം]

5. ഖുത്ബയ്ക്ക് ഇടയിലുള്ള പ്രാർത്ഥന

അനസ് ബ്നു മാലിക് ﵁ വിന്റെ ഹദീഥിൽ വന്നിട്ടുള്ളത് പ്രകാരം,

ജുമുഅ ദിവസം നബി ﷺ നിന്ന് ഖുത്ബ പറഞ്ഞു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഒരാൾ മസ്ജിദിലേക്ക് പ്രവേശിക്കുകയും, അദ്ദേഹത്തോട് ഇപ്രകാരം പറയുകയുമുണ്ടായി: അല്ലയോ റസൂലുല്ലാഹ്, ജനങ്ങളുടെ ധനം നശിച്ചുപോയിരിക്കുന്നു, മാർഗ്ഗങ്ങൾ മുറിഞ്ഞുകിടക്കുന്നു, അതിനാൽ നമുക്ക് മഴ നൽകുവാനായി താങ്കൾ അല്ലാഹുവി നോട് പ്രാർത്ഥിച്ചാലും. അപ്പോൾ അദ്ദേഹം തന്റെ കൈകൾ ഉയർത്തിക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി:

اللَّهُمَّ أَغِثْنَا، اللَّهُمَّ أَغِثْنَا، اللَّهُمَّ أَغِثْنَا

അല്ലാഹുവെ, നീ നമുക്ക് മഴ വർഷിപ്പിക്കേണമേ, അല്ലാഹുവെ, നീ നമുക്ക് മഴ വർഷിപ്പിക്കേണമേ, അല്ലാഹുവെ, നീ നമുക്ക് മഴ വർഷിപ്പിക്കേണമേ

## മഴയുടെ ഗുണങ്ങൾ

അല്ലാഹു മഴയിൽ പല ഗുണങ്ങളും ഉണ്ടാക്കിയിരിക്കുന്നു, അവയിൽ ചിലതാണ്:

1. അത് ഉപജീവനം ലഭിക്കുന്നതിനുള്ള കാരണമാണ്

അല്ലാഹു ﷻ പറഞ്ഞു:

﴿وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ ۖ﴾

"ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്തു" [അൽ ബഖറ - 22]

2. ഭൂമിക്ക് ജീവൻ നൽകുന്നു

അല്ലാഹു ﷻ പറഞ്ഞു:

﴿وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن رِّزْقٍ فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا﴾

"ആകാശത്ത് നിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥയ്ക്കു ശേഷം ഭൂമിക്ക് അതു മുഖേന ജീവൻ നൽകിയതിലും" [അൽ ജാഥിയഃ - 22]

3. ശുദ്ധീകരണം

അല്ലാഹു ﷻ പറഞ്ഞു:

﴿وَيُنَزِّلُ عَلَيْكُم مِّنَ ٱلسَّمَآءِ مَآءً لِّيُطَهِّرَكُم بِهِۦ﴾

"നിങ്ങളെ ശുദ്ധീകരിക്കുന്നതിനു അവൻ നിങ്ങളുടെ മേൽ ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞുതന്നിരുന്ന സന്ദർഭവും (ഓർക്കുക.)" [അൽ അൻഫാൽ- 11]

4. കുടിനീരായും, കൃഷിക്ക് നനവായിക്കൊണ്ടും അത് ഉപയോഗപ്പെടുന്നു.

അല്ലാഹു ﷻ പറഞ്ഞു:

﴿هُوَ ٱلَّذِىٓ أَنزَلَ مِنَ ٱلسَّمَآءِ مَآءً ۖ لَّكُم مِّنْهُ شَرَابٌ وَمِنْهُ شَجَرٌ فِيهِ تُسِيمُونَ﴾

"അവനാണ് ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നത്. അതിൽ നിന്നാണ് നിങ്ങളുടെ കുടിനീര്. അതിൽ നിന്നുതന്നെയാണ് നിങ്ങൾക്ക് (കാലികളെ) മേക്കുവാനുള്ള ചെടികളുമുണ്ടാകുന്നത്." [അന്നഹ്ല്- 10]

## നബി ﷺ മഴയാൽ സന്തോഷിച്ചിരുന്നു

മഴ പെയ്യുമ്പോൾ നബി ﷺ സന്തോഷിക്കുമായിരുന്നു, സ്വഹീഹയ്നിൽ (ബുഖാരിയിലും മുസ്ലിമിലും) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഹദീഥിൽ 'ആഇഷ رضي الله عنها പറഞ്ഞു:

നബി ﷺ ആകാശത്തു മേഘത്തെ കണ്ടാൽ (വ്യാകുലനായിക്കൊണ്ട്) മുന്നോട്ടും പിന്നോട്ടും നടക്കുമായിരുന്നു, വീടിനകത്തേക്കു പ്രവേശിക്കുകയും പുറത്തേക്കിറങ്ങുകയും ചെയ്യുമായിരുന്നു, അദ്ദേഹത്തിന്റെ മുഖം മാറുമായിരുന്നു, ശേഷം മഴ പെയ്താൽ അദ്ദേഹം ആശ്വസിക്കുകയും സന്തോഷിക്കുകയും ചെയ്യുമായിരുന്നു.

## മഴ പെയ്യുന്ന സമയത്തെ കുറിച്ചുള്ള അറിവ് അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവുകളിൽ പെട്ടതാണ്[1]

മഴ പെയ്യുന്ന സമയത്തെ കുറിച്ചുള്ള അറിവ് അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവുകളിൽ പെട്ടതാണ്, അല്ലാഹു അല്ലാതെ മറ്റാർക്കും തന്നെ അതിന്റെ അറിവില്ല, അല്ലാഹു سبحانه وتعالى പറഞ്ഞു:

﴿إِنَّ ٱللَّهَ عِندَهُۥ عِلْمُ ٱلسَّاعَةِ وَيُنَزِّلُ ٱلْغَيْثَ وَيَعْلَمُ مَا فِى ٱلْأَرْحَامِ ۖ وَمَا تَدْرِى نَفْسٌ مَّاذَا تَكْسِبُ غَدًا ۖ وَمَا تَدْرِى نَفْسٌۢ بِأَىِّ أَرْضٍ تَمُوتُ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌۢ﴾

“തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യ സമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴപെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു.”

അബൂ ഹുറൈറ رضي الله عنه വിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു:

അഞ്ചു കാര്യങ്ങളിൽ അല്ലാഹുവിനല്ലാതെ മറ്റാർക്കും തന്നെ അതിനെ കുറിച്ചുള്ള അറിവില്ല, ശേഷം അദ്ദേഹം മേൽപ്പറഞ്ഞ ആയത്ത് പാരായണം ചെയ്തു. [ബുഖാരി, മുസ്‌ലിം]

[1] കാലാവസ്ഥാ പ്രവചനം ജ്യോതിഷത്തിന്റെയോ അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവുണ്ടെന്ന് അവകാശപ്പെടുന്നതിന്റെയോ കീഴിൽ പെടുന്നതല്ല, മറിച്ച് അത് പ്രാപഞ്ചിക തെളിവുകളുടെയും അനുഭവത്തിന്റെയും അല്ലാഹു സ്ഥാപിച്ച പ്രകൃതി നിയമങ്ങളെക്കുറിച്ചുള്ള പഠനത്തിന്റെയും അടിസ്ഥാനത്തിലുള്ളതാണ്. സൂര്യഗ്രഹണത്തിന്റെയും ചന്ദ്രഗ്രഹണത്തിന്റെയും സമയങ്ങൾ, അല്ലെങ്കിൽ ശക്തമായ കാറ്റും മഴയും ഉണ്ടാകാൻ സാധ്യതയുള്ള സമയങ്ങൾ അറിയുന്നതിനും ഇത് ബാധകമാണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്

ഇബ്നു ഉമർ ﵄ യിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു:

അദൃശ്യകാര്യങ്ങളുടെ താക്കോലുകൾ അഞ്ചാണ്, എന്നിട്ട് അദ്ദേഹം മേൽപ്പറഞ്ഞ ആയത്ത് പാരായണം ചെയ്തു. [ബുഖാരി]

**മഴ എന്ന അനുഗ്രഹത്തിന് നാം അല്ലാഹുവിനോട് ശുക്ർ ചെയ്യേണ്ടത് (നന്ദി കാണിക്കേണ്ടത്) അനിവാര്യമാണ്. അവന് മാത്രമേ മഴ വർഷിപ്പിക്കുവാൻ സാധിക്കുകയുള്ളൂ, അതിനാൽ ആ പ്രവർത്തി അവനോടല്ലാതെ മറ്റാരോടും നാം ചേർക്കുവാൻ പാടുള്ളതല്ല**[1]

സ്വഹീഹയ്നിൽ സ്ഥിരപ്പെട്ടത് പ്രകാരം സയ്ദ് ബ്നു ഖാലിദ് ﵁ വിൽ നിന്ന് നിവേദനം,

നബി ﷺ പറഞ്ഞു: അല്ലാഹു പറഞ്ഞു: എന്റെ അടിമകൾ എന്നിൽ വിശ്വസിക്കുന്ന സത്യവിശ്വാസിയായും നിഷേധിക്കുന്ന സത്യനിഷേധിയുമായി മാറിയിരിക്കുന്നു. ആരാണോ "അല്ലാഹുവിന്റെ കാരുണ്യത്താലും ശ്രേഷ്ഠതയാലും നമുക്ക് മഴ നൽകപ്പെട്ടു" എന്ന് പറഞ്ഞത്, അവൻ എന്നിൽ വിശ്വസിക്കുകയും, നക്ഷത്രങ്ങളിൽ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ആരാണോ "ഇന്ന ഇന്ന നക്ഷത്രം മൂലം നമുക്ക് മഴ നൽകപ്പെട്ടു" എന്നു പറഞ്ഞത്, അവൻ എന്നിൽ അവിശ്വസിക്കുകയും നക്ഷത്രങ്ങളിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. [ബുഖാരി, മുസ്‌ലിം]

---

[1] കൃത്രിമ മഴയുടെ വിധി:

കൃത്രിമ മഴയെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ, സൗദിയിലെ ഫത്വകൾ നൽകുന്നതിനുള്ള സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ പണ്ഡിതന്മാർ ഇപ്രകാരമാണ് പറഞ്ഞത്:

നമുക്കറിയാവുന്നിടത്തോളം, കൃത്രിമ മഴയുടെ കാര്യം അവർ പറയുന്ന പോലെ തെളിയിക്കപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ അൽപ്പം അതിശയോക്തി ഉണ്ടായിട്ടുമുണ്ട്, എന്നാൽ ഇതിൽ യാതൊരു ആശയക്കുഴപ്പവും ഇല്ല.

അല്ലാഹുവിന്റെ കൽപ്പന പ്രകാരമാണ് വിവിധ ഘടകങ്ങൾ കൂടിച്ചേർന്ന് ഇടപഴകുകയും, മഴ പെയ്യുകയും ചെയ്യുന്നതെന്ന് അവൻ അവർക്ക് മനസ്സിലാക്കികൊടുത്തിട്ടുണ്ട്. അങ്ങനെ അവർ ഈ ഘടകങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചു.

ഒരുപക്ഷേ അതിനു ഫലങ്ങൾ ഉണ്ടായേക്കാം, ഒരുപക്ഷേ ഉണ്ടാകില്ല. ഇനി ഫലങ്ങൾ ഉണ്ടായാൽ തന്നെ, അത് വളരെ ചെറിയ തോതിലായിരിക്കും. അതൊരിക്കലും അല്ലാഹു മേഘങ്ങളിൽ നിന്ന് വർഷിപ്പിക്കുന്ന മഴ പോലെയാകില്ല.

കൃത്രിമ മഴ എന്നറിയപ്പെടുന്നത് ഉപയോഗിക്കുന്ന രാജ്യങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്നത് നമുക്ക് ഏവർക്കും അറിയാവുന്നതാണ്. അല്ലാഹു ആകാശത്ത് നിന്ന് മഴ പെയ്യിച്ചില്ലെങ്കിൽ അവർ വരൾച്ചയിലും പട്ടിണിയിലും ആകുമായിരുന്നു. (ഫതാവാ അൽ-ലജ്ന അദ്-ദാഇമ (2, 1/241)

**ക്ഷാമം നമുക്ക് മഴ കിട്ടാത്തതല്ല, എന്നാൽ യഥാർത്ഥ ക്ഷാമം മഴ കിട്ടിയിട്ടും അതിൽ നിന്ന് നമുക്ക് ഗുണം ലഭിക്കാത്തതാണ്.**

അബൂ ഹുറൈറ ﷺ നിവേദനം ചെയ്ത ഹദീഥിൽ നബി ﷺ പറഞ്ഞത് പ്രകാരം:

ക്ഷാമം നിങ്ങൾക്ക് മഴ ലഭിക്കാത്തതല്ല, പക്ഷെ ക്ഷാമം നിങ്ങൾക്ക് ഒരുപാടായി മഴ ലഭിക്കുകയും, ശേഷം ഭൂമിയിൽ യാതൊരു വിളവും ഇല്ലാതിരിക്കലാണ്. [മുസ്‌ലിം]

## സ്വപ്നത്തിലെ മഴ

സ്വപ്നത്തിൽ ദോഷമൊന്നും ഉണ്ടാക്കാത്ത തരത്തിലുള്ള മഴ കാണപ്പെട്ടാൽ, അത് നന്മയെയും, ഉപജീവനത്തെയും, കാരുണ്യത്തെയും, മനുഷ്യന്റെയും ഭൂമിയുടെയും ജീവനെയും ആണ് തെളിയുക്കുന്നത്.

ഇനി പൊതുവായ ദോഷം ഉണ്ടാകുന്ന തരത്തിലുള്ള മഴയോ, ആകാശത്തു നിന്ന് ചോരയോ കല്ലുകളോ പെയ്യുന്നതായോ കാണപ്പെട്ടാൽ, അത് പാപങ്ങളെയാണ് തെളിയിക്കുന്നത്.

## മഴയുമായി ബന്ധപ്പെട്ടുള്ള ചില മര്യാദകളും വിധിവിലക്കുകളും

1. അതിൽ നിന്ന് ബറകത്ത് എടുത്തുകൊണ്ട് ദേഹത്തിന്റെ ഒരു ഭാഗം വെളിവാക്കൽ.

   അനസ് ബ്നു മാലിക് ﷺ നിവേദനം, അദ്ദേഹം പറഞ്ഞു:

   നാം നബി ﷺ യോടൊപ്പമായിരിക്കെ മഴ പെയ്യുകയുണ്ടായി, അപ്പോൾ തന്റെ ദേഹത്ത് മഴവെള്ളം തട്ടുന്നത് വരേക്കും അദ്ദേഹം തന്റെ വസ്ത്രം നീക്കുകയുണ്ടായി. അപ്പോൾ ഞങ്ങൾ പറഞ്ഞു: അല്ലയോ റസൂലുല്ലാഹ്, താങ്കൾ എന്തുകൊണ്ടാണ് അങ്ങനെ ചെയ്തത്? അദ്ദേഹം പറഞ്ഞു: കാരണം അത് അൽപ്പസമയം മുൻപ് വരേക്കും അതിന്റെ റബ്ബിന്റെ അടുക്കൽ ആയിരുന്നു. [മുസ്‌ലിം]

2. **اللَّهُمَّ صَيِّبًا نَافِعًا** എന്ന് പ്രാർത്ഥിക്കൽ

ആ'ഇശ ﵂ യിൽ നിന്ന് നിവേദനം, റസൂലുല്ലാഹ് ﷺ മഴ കണ്ടാൽ **اللَّهُمَّ صَيِّبًا نَافِعًا** - അല്ലാഹുമ്മ സ്വയ്യിബൻ നാഫി'ആ (അല്ലാഹുവേ, ഇതൊരു ഉപകാരപ്രദമായ മഴ മേഘമാക്കേണമേ) എന്ന് പറയുമായിരുന്നു. [ബുഖാരി]

3. മഴ ശക്തമായി കഴിഞ്ഞാൽ അതിനെ തിരിച്ചു കളയാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കൽ.

അനസ് ബ്നു മാലിക് ﵁ നിവേദനം, നബി ﷺ യോട് ഇപ്രകാരം പറയപ്പെട്ടു:

അല്ലയോ റസൂലുല്ലാഹ്, ധനം നശിച്ചു പോയിരിക്കുന്നു, മാർഗ്ഗങ്ങൾ അടഞ്ഞു പോയിരിക്കുന്നു, അതിനാൽ താങ്കൾ അല്ലാഹുവിനോട് നമ്മിൽ നിന്ന് അതിനെ (മഴയെ) പിടിച്ചു വെക്കുവാനായി പ്രാർത്ഥിച്ചാലും. അപ്പോൾ നബി തന്റെ കൈകൾ ഉയർത്തി ഇപ്രകാരം പ്രാർത്ഥിച്ചു:

**اللّهُمَّ حَوَالَيْنَا وَلاَ عَلَيْنَا، اللّهُمَّ عَلَى الآكَامِ وَالظِّرَابِ، وَبُطُونِ الأوْدِيَةِ، وَمَنَابِتِ الشَّجَرِ**

അല്ലാഹുമ്മ ഹവാലൈനാ വലാ 'അലൈനാ, അല്ലാഹുമ്മ 'അലൽ ആകാമി വള്ളിറാബി, വബുത്വൂനിൽ ഔദിയതി വമനാബിതിശ്ശജർ

(അല്ലാഹുവേ, (ഈ മഴയെ) നീ ഞങ്ങളുടെ ചുറ്റുഭാഗങ്ങളിലേക്ക് ആക്കേണമേ. ഇതിനെ (ഒരു ശിക്ഷയാക്കി) ഞങ്ങളുടെ മേൽ നീ ആക്കരുതേ; അല്ലാഹുവേ, (ഈ മഴയെ) നീ മേച്ചിൽസ്ഥലങ്ങളിലും മലകളിലും താഴ്‌വരകളിലും മരങ്ങളുടെ വേരുകളിലും ആക്കേണമേ)

അതോടെ മഴ അവസാനിക്കുകയും നാം പുറത്തിറങ്ങി സൂര്യ പ്രകാശത്തിൽ നടക്കുകയും ചെയ്തു.
[ബുഖാരി, മുസ്‌ലിം]

4. മഴ വർഷിക്കുമ്പോൾ മുഅദ്ദിൻ ബാങ്കിൽ, അടിയിൽ പറയുന്ന വാചകങ്ങളിൽ ഏതെങ്കിലും ഒന്ന് വിളിച്ച് പറയൽ സുന്നത്താണ്:

**صَلُّوا فِي رِحَالِكُمْ**

നിങ്ങളുടെ ഭവനങ്ങളിൽ നിസ്കരിച്ചുകൊള്ളുക

അല്ലെങ്കിൽ

أَلاَ صَلُّوا فِي الرِّحَالِ

നിങ്ങളുടെ ഭവനങ്ങളിൽ നിസ്കരിച്ചുകൊള്ളുക

അല്ലെങ്കിൽ

صَلُّوا فِي بُيُوتِكُمْ

നിങ്ങളുടെ വീടുകളിൽ നിസ്കരിച്ചുകൊള്ളുക

അല്ലെങ്കിൽ

وَمَنْ قَعَدَ فَلاَ حَرَجَ عَلَيْهِ

വീടുകളിൽ നിസ്കരിക്കുന്നവർ ആരോ, അവരുടെ മേൽ കുറ്റമില്ല

മേൽപറഞ്ഞ വാചകങ്ങളിൽ ഒന്ന്, മൂന്ന് ഇടങ്ങളിൽ ആയി പറയപ്പെടാവുന്നതാണ്:

1. ഒന്നുകിൽ حَيَّ عَلَى الصَّلاَةِ എന്നതിന് പകരമായിക്കൊണ്ട്.

   സ്വഹീഹയ്നിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഇബ്നു അബ്ബാസ് ﵄ യുടെ ഹദീഥിൽ വന്നത് പ്രകാരം, മഴയുള്ള ഒരു ദിവസത്തിൽ അദ്ദേഹം മുഅദ്ദിനോട് പറഞ്ഞു: നീ أَشْهَدُ أَنَّ مُحَمَّدًا رَسُولُ اللهِّ എന്ന് പറഞ്ഞ ശേഷം حَيَّ عَلَى الصَّلاَةِ എന്ന് പറയരുത്, മറിച്ച് صَلُّوا فِي بُيُوتِكُمْ എന്ന് പറഞ്ഞുകൊള്ളുക, അപ്പോൾ ജനങ്ങൾക്ക് അത് അത്ര നന്നായി തോന്നാത്ത പോലെയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു: എന്നെക്കാൾ ഉത്തമനായവൻ (നബി ﷺ) ഇങ്ങനെ ചെയ്തിട്ടുണ്ട്

2. അല്ലെങ്കിൽ حَيَّ عَلَى الْفَلاَحِ ഇന് ശേഷം.

   അന്നസാഈ തന്റെ സുനനിൽ റിപ്പോർട്ട് ചെയ്ത, ഥഖീഫിൽ നിന്നുള്ള ഒരു വ്യക്തിയുടെ ഹദീഥിൽ വന്നിട്ടുള്ളത് പ്രകാരം,

മഴ വർഷിച്ചിരുന്ന ഒരു രാത്രിയിൽ അദ്ദേഹം യാത്രയിൽ ആയിരിക്കവെ, നബി ﷺ യുടെ മുഅദ്ദിൻ ഇപ്രകാരം വിളിച്ചു പറയുന്നതായി അദ്ദേഹം കേട്ടു:

حَيَّ عَلَى الصَّلَاةِ حَيَّ عَلَى الْفَلَاحِ صَلُّوا فِي رِحَالِكُمْ

ഇതിന്റെ ഇസ്നാദ് (പരമ്പര) സ്വഹീഹ് ആണ്, അതിൽ ഉള്ള രിജാൽ (റാവിമാർ) ബുഖാരിയും മുസ്ലിമും തങ്ങളുടെ സ്വഹീഹയ്നിൽ ആശ്രയിച്ചവർ ആണ്, ഥഖീഫിൽ നിന്നുള്ള വ്യക്തി ഒഴികെ. അദ്ദേഹം മുബ്ഹം (നാമം പരാമർശിക്കപ്പെടാത്ത വ്യക്തി) ആണ്, പക്ഷെ അദ്ദേഹം സ്വഹാബി ആയതിനാൽ അത് സ്വീകാര്യയോഗ്യതയെ ബാധിക്കുന്നതുമല്ല.

3. അല്ലെങ്കിൽ ബാങ്കിന് ശേഷം.

സ്വഹീഹയ്നിൽ വന്നിട്ടുള്ള ഇബ്നു ഉമർ رضي الله عنهما വിന്റെ ഹദീഥിൽ വന്നിട്ടുള്ളത് പ്രകാരം,

തണുപ്പുള്ള ഒരു രാത്രിയിൽ ദ്വജ്നാനിൽ അദ്ദേഹം ബാങ്ക് കൊടുക്കുകയുണ്ടായി, ശേഷം ഇപ്രകാരം വിളിച്ചു പറഞ്ഞു: صَلُّوا فِي رِحَالِكُمْ എന്നിട്ട് അദ്ദേഹം നമുക്ക് അറിയിച്ച് തന്നു:

റസൂലുല്ലാഹ് ﷺ തണുപ്പുള്ളതോ മഴ വർഷിക്കുന്നതോ ആയ രാത്രിയിൽ, അല്ലെങ്കിൽ യാത്രയിൽ, തന്റെ മുഅദ്ദിനോട് ബാങ്ക് വിളിക്കാൻ കൽപിക്കുകയും, ശേഷം അതിന്റെ അവസാനത്തിൽ أَلَا صَلُّوا فِي الرِّحَالِ എന്ന് പറയുകയും ചെയ്യുമായിരുന്നു.

4. നുഅയ്ം അന്നുഹാം പറഞ്ഞു: ഒരു തണുത്ത രാത്രിയിൽ ഞാൻ എന്റെ ഭാര്യയുടെ പുതപ്പിൽ ആയിരിക്കെ സുബഹി നിസ്കാരത്തിന് ബാങ്ക് വിളിക്കപ്പെട്ടു. അപ്പോൾ ഞാൻ പറഞ്ഞു: "മുഅദ്ദിൻ وَمَنْ قَعَدَ فَلَا حَرَجَ عَلَيْهِ (വീടുകളിൽ നിസ്കരിക്കുന്നവർ ആരോ, അവരുടെ മേൽ കുറ്റമില്ല) എന്ന് വിളിച്ചു പറഞ്ഞിരുന്നെങ്കിൽ".

അപ്പോൾ അതാ നബി ﷺ യുടെ മുഅദ്ദിൻ ബാങ്കിന്റെ അവസാനം وَمَنْ قَعَدَ فَلاَ حَرَجَ عَلَيْهِ എന്ന് പറയുകയുണ്ടായി.

ഇത് ഇമാം അൽ-ബൈഹഖി റിപ്പോർട്ട് ചെയ്തതും, ഇമാം അൽബാനി സ്വഹീഹ് ആക്കിയതും ആണ്

5. മുഅദ്ദിൻ صَلُّوا فِي رِحَالِكُمْ എന്ന് വിളിച്ചു പറയുന്ന കടന്നു പോയിട്ടുള്ള ഹദീഥുകളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് അവരുടെ വീടുകളിൽ നിസ്കരിക്കൽ പ്രോത്സാഹിപ്പിക്കപ്പെട്ടിരിക്കുന്നു.

6. നിസ്കാരങ്ങൾക്കിടയിൽ ജമ്അ് ചെയ്യപ്പെടുന്നതാണ്.[1]

സ്വഹീഹയ്നിൽ ഇബ്നു അബ്ബാസ് رضي الله عنهما യുടെ ഹദീഥിൽ സ്ഥിരപ്പെട്ടിട്ടുള്ളത് പ്രകാരം അദ്ദേഹം പറഞ്ഞു:
റസൂലുല്ലാഹ് ﷺ ളുഹ്റിനും 'അസ്റിനും ഇടയിലും, മഗ്രിബിനും ഇഷായ്ക്കും ഇടയിലും ജമ്അ് ചെയ്തിരുന്നു, (യുദ്ധ) ഭീതിയിലോ, മഴയിലോ, യാത്രയിലോ അല്ലാതായിരിക്കെ.

ശെയ്ഖ് അൽബാനി رحمه الله പറഞ്ഞു:
യാഥാർത്ഥ്യം എന്തെന്നാൽ, എനിക്ക് മഴയത്ത് ജമ്അ് ചെയ്യുന്ന കാര്യത്തിൽ വ്യക്തമായ ഒരൊറ്റ ഹദീഥ് പോലും അറിയില്ല, മുസ്‌ലിം റിപ്പോർട്ട് ചെയ്ത, കടന്ന് പോയ ഹദീഥിൽ നിന്ന് മനസ്സിലാക്കപ്പെടുന്ന (ആശയം) അല്ലാതെ:

مِنْ غَيْرِ خَوْفٍ وَلاَ مَطَرٍ

((യുദ്ധ) ഭീതിയിലോ, മഴയിലോ, അല്ലാതായിരിക്കെ).

ഇത് നമുക്ക് അറിയിച്ചു തരുന്നത്, നബി ﷺ യുടെ കാലത്ത് അവർ മഴയത്ത് ജമ്അ് ചെയ്തിരുന്നു എന്നതാണ്.

അതുകൊണ്ടാണ് സലഫുകളുടെ പ്രവർത്തി അപ്രകാരമായിരുന്നത്, അബ്ദുർറസ്സാഖിന്റെ മുസ്വന്നിഫിലും, ഇബ്നു അബി ശൈബയുടെ മുസ്വന്നിഫിലും ഉള്ള പല അഥറുകളിലും വന്നിട്ടുള്ളത് പോലെ.

[1] ഒരുവൻ തന്റെ വീട്ടിൽ നിസ്കരിക്കുന്ന സാഹചര്യത്തിലും ജമ്അ് ചെയ്യാവുന്നതാണ്

ഓരോ രണ്ട് നിസ്കാരങ്ങളും ജമ്അ് ചെയ്യപ്പെടുക ഒരു ബാങ്കോടെയും രണ്ട് ഇഖാമത്തുകളോടെയും ആണ്. യാത്രക്കാരൻ അല്ലാത്തിടത്തോളം ഖസ്ർ ചെയ്യപ്പെടുകയില്ല, നിസ്കാരങ്ങൾ പൂർണമായും നിസ്കരിക്കപ്പെടുന്നതാണ്

## ഏത് തരം ജമ്അ് ആണ് ഉത്തമം?

ശെയ്ഖ് ഇബ്നു ഉതയ്മീൻ رَحِمَهُ ٱللَّهُ പറഞ്ഞു: മഴയത്ത് ജമ്അ് ചെയ്യുമ്പോൾ ഏതാണ് ഉത്തമം? തഖ്ദീം (മുന്നിട്ടു നിസ്കരിക്കൽ) ആണോ തഅ്ഖീർ (വൈകിപ്പിക്കൽ) ആണോ?

ഉത്തമമായത് തഖ്ദീം ആണ്, കാരണം അതാണ് ജനങ്ങൾക്ക് കൂടുതൽ എളുപ്പമുള്ളത്, അതുകൊണ്ടാണ് ജനങ്ങളിൽ എല്ലാവരും മഴയുടെ സാഹചര്യത്തിൽ ജമ്അ് തഖ്ദീം ചെയ്യുന്നതായി കാണപ്പെടുന്നത്.

والحمد لله رب العالمين



مركــز علــوم الســنــة
MARKAZU ULOOMISSUNNAH

തദ്കിറ
التذكرة

70# ബിസ്റ, ബിസ്മില്ലാഹ് റോഡ്, മേലാക്കം,
മഞ്ചേരി, 676123 മലപ്പുറം, കേരളം

t.me/uloomussunnah
t.me/alTadhkira